# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>അന്താരാഷ്ട നിലവാരത്തിലുള്ള റോഡുകൾ</u>

5909 ശ്രീ. പാലോട് രവി
'' ഷാഫി പറമ്പിൽ
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകൾ അന്താരാഷ്ട നിലവാരത്തിലേക്ക് ഉയർത്താനുള്ള പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച് റിപ്പോർട്ട് ആരാണ് തയ്യാറാക്കിയത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി എന്നു തുടങ്ങാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>കേരള റോഡ് ഫണ്ട് ബോർഡ് വൈ-ട്രാക്ക് സംവിധാനം</u>

5910 ശ്രീ. പാലോട് രവി
,, ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ഫണ്ട് ബോർഡ് ജംഗ്ഷനുകളിൽ വൈ-ട്രാക്ക് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) എവിടെയൊക്കെയാണ് പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

റോഡുകളുടെ ദീർഘകാല സംരക്ഷണം

5911

ശ്രീ. വി. പി. സജീന്ദ്രൻ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെ ദീർഘകാല സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ആയതിനായുള്ള ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ഡി) റോഡുകളുടെ ദീർഘകാല സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>ആധുനിക രീതിയിൽ റോഡുകളുടെ നവീകരണം</u>

5912 ശ്രീ. പി.എ. മാധവൻ
'' റ്റി.എൻ. പ്രതാപൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആധുനിക രീതിയിൽ റോഡ് നവീകരിക്കുന്ന പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനായി പാക്കേജുകൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കിയത് ആരാണ്;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്നാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>ഗ്രാമീണ റോഡുകളുടെ 'വൺടൈം മെയിന്റനൻസ്'</u>

5913 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ റോഡുകളുടെ 'വൺടൈം മെയിന്റനൻസിന്' തുക അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഓരോ നിയോജക മണ്ഡലത്തിനും എന്ത് തുകയാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>നഗരപ്രദേശ റോഡുകളുടെ ആധുനികവല്‍ക്കരണം</u>

5914 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍
,, റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത്** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) നഗരപ്രദേശ റോഡുകളുടെ വികസനത്തിന് പൊതുമരാമത്ത് വകുപ്പ് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദവിവരം നല്‍കാമോ;

(സി) ഇതിനായി ഏതൊക്കെ നഗരങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) ഈ റോഡുകളില്‍ ആധുനിക സൗകര്യങ്ങള്‍ ഏര്‍പ്പെടുത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) സൈക്കിള്‍ വേ, ഫുട്പാത്ത്, വൈദ്യുതി, ടെലിഫോണ്‍ കേബിളുകള്‍, ഡ്രെയിനേജ്, വാട്ടര്‍ പൈപ്പ് ലൈനുകള്‍ എന്നിവയ്ക്കുള്ള ആധുനിക ഗാലറി എന്നിവ പ്രസ്തുത റോഡുകളില്‍ വിഭാവന ചെയ്യുന്നുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

മലയോര ഹൈവേ പദ്ധതി

5915 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ പദ്ധതിയിൽ എത്ര കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് പ്രവൃത്തിയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിൽ എത്ര കിലോമീറ്റർ റോഡിന്റെ പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്;

(സി) ഇപ്പോൾ നടന്നു വരുന്ന പ്രവൃത്തികൾ ഏതെല്ലാം;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

സംസ്ഥാനത്തെ നിർമ്മാണ മേഖല പ്രതിസന്ധിയിലാണെന്ന വസ്തുത

5916 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, പുരുഷൻ കടലുണ്ടി
,, എം. ഹംസ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർമ്മാണ മേഖല പ്രതിസന്ധിയിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നത് മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) കുടിശ്ശിക കിട്ടാത്തതു മൂലം ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ തുടരാനാവില്ലെന്നു കാണിച്ച് കരാറുകാർ പരാതി നൽകിയിട്ടുണ്ടോ; ഏറ്റവും ഒടുവിലത്തെ കുടിശ്ശിക എത്രയാണ്;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കരാറുകാർ ഏതെല്ലാം പ്രവൃത്തികളിൽ നിന്ന് പിൻവാങ്ങിയിട്ടുണ്ട്;

(ഡി) വിലവ്യതിയാന വ്യവസ്ഥ എല്ലാ കരാറുകാർക്കും ബാധകമാണോ;

(ഇ) നിർമ്മാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ കരാറുകാർക്ക് നേരിട്ട് ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് പണികൾക്ക് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട മൊത്തം തുക</u>

5917 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വർക്കുകൾക്കുവേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട മൊത്തം തുക പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത തുകയുടെ വിനിയോഗം ജില്ലാടിസ്ഥാനത്തിൽ എത്ര വീതമായിരിക്കുമെന്ന് വിശദമാക്കാമോ ;

(സി) ഡിവിഷൻ അടിസ്ഥാനത്തിൽ എത്രയാണ് ; ആയതിന് മണ്ഡലം അടിസ്ഥാനത്തിൽ കണക്കാക്കി വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ സംവിധാനം</u>

5918 ശ്രീ. പി.സി വിഷ്ണുനാഥ്
,, കെ. മുരളീധരൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഇതിനു വേണ്ടി പ്രത്യേക ടീമുകൾ പ്രവർത്തിച്ചു വരുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത ടീമിന്റെ ചുമതലകളും കർത്തവ്യങ്ങളും എന്തെല്ലാമാണ്, വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം

5919 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്;

(ബി) ഇപ്പോൾ ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് പ്രവർത്തിച്ചുവരുന്നത്;

(സി) എല്ലാ ജില്ലകളിലും ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ എന്ന് ആരംഭിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

5920 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പ്രഥമപരിഗണന നൽകിയ ചൊക്ലി-പുക്കോം-മാടപ്പീടിക റോഡ്, പള്ളിക്കുനി-പെരിങ്ങാടി റോഡ്, മാഹിപ്പാലം-പെരിങ്ങാടി-ചൊക്ലി റോഡ്, കതിരൂർ-കായലോട് റോഡ് എന്നീ പ്രവൃത്തികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിക്കും എത്രതുക വീതം നീക്കിവെച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ എയ്ഡ്സ് രോഗബാധിത കുടുംബത്തിന് നൽകുന്ന കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി</u>

5921 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ എയ്ഡ്സ് രോഗബാധിത കുടുംബത്തിന് വീട് വച്ച് നൽകുന്നതിലേക്ക് 10 ലക്ഷം രൂപാ അടങ്കലിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ; ഇനിയും പൂർത്തീകരിക്കുവാനുള്ള ജോലികൾ എന്തൊക്കെയാണെന്നും, എന്നത്തേക്ക് കുടുംബത്തിന് വീട് കൈമാറുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ടെൻഡർ ചെയ്ത്
എഗ്രിമെന്റ് വെച്ച കാരാറുകാർ

5922 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ടെൻഡർ ചെയ്ത് എഗ്രിമെന്റ് വെച്ച് കരാറുകാർ ഏറ്റെടുത്തതിനുശേഷം എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി കഴിഞ്ഞ് ഒരു വർഷത്തിലധികമായിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകൾ റദ്ദുചെയ്യണമെന്നാവശ്യപ്പെട്ട് കത്തുകൾ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികളുമായി ബന്ധപ്പെട്ടാണ് പ്രസ്തുത കത്തുകൾ നൽകിയത്;

(സി) ഏതു തീയതികളിലാണ് ഈ കത്തുകൾ പൊതുമരാമത്ത് ചീഫ് എഞ്ചിനീയർക്കു ലഭിച്ചതെന്നു പറയുമോ;

(ഡി) കരാർ പ്രകാരം സമയബന്ധിതമായി പ്രവൃത്തി ആരംഭിക്കുകയോ പൂർത്തീകരിക്കുകയോ ചെയ്യാത്ത കരാറുകാർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിലെ ഒഴിവുകൾ</u>

5923 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വിവിധ ഓഫീസുകളിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയാണെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>

5924 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജക മണ്ഡല പരിധിയിൽ 2011 -2012 വർഷം പൊതുമരാമത്ത് റോഡ്സ് & ബ്രിഡ്ജസ്, ബിൽഡിംഗ്സ്, എൻ.എച്ച്. വിഭാഗങ്ങൾക്ക് കീഴിൽ ഏറ്റെടുത്ത് നടത്തിയ വിവിധ വികസന പദ്ധതികളുടെ പേര്, എസ്റ്റിമേറ്റ് തുക, പദ്ധതി പുരോഗതി എന്നിവ വ്യക്തമാക്കുമോ ;

(ബി) ഇവിടെ 2012-2013 വർഷം ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ;

(സി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ഭരണാനുമതി ലഭിക്കാനുള്ളതുമായ പദ്ധതികൾ ഏതൊക്കെയാണ് ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

പേരാമ്പ്ര സി.കെ.ജി. മെമ്മേറിയൽ ഗവൺമെന്റ് കോളേജ്
പി.ജി ബ്ലോക്ക് നിർമ്മാണം

5925 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര സി.കെ.ജി. മെമ്മോറിയൽ ഗവൺമെന്റ് കോളേജ് പി. ജി. ബ്ലോക്ക് നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ് ; വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് എത്ര തുക വകയിരുത്തി ; ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ എപ്പോൾ ലഭിച്ചു ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ഡി) പ്രസ്തുത കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത പി.ജി. ബ്ലോക്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിച്ച തുക</u>

5926 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃക്കരിപ്പൂർ മണ്ഡലത്തിൽ വകുപ്പ് മുഖേന എത്ര പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുളളതെന്നും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) കാസർഗോഡ്, മലപ്പുറം ജില്ലകളിലെ മണ്ഡലങ്ങളിൽ എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഈ സർക്കാർ അനുവദിച്ചത് ; മണ്ഡലം തിരിച്ചുളള കണക്ക് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>സർക്കാർ ക്വാർട്ടേഴ്സിന്റെ ബുക്കിങ്ങും അലോട്ട്മെന്റും</u>

5927 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്ക് സർക്കാർ ക്വാർട്ടേഴ്സിന്റെ ബുക്കിംഗ്, അലോട്ട്മെന്റ് എന്നിവ നിരീക്ഷിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി സർക്കാർ തലത്തിൽ ഒരു വെബ്സൈറ്റ് നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ഇതിനാവശ്യമായ വെബ് സൈറ്റ് നിർമ്മിച്ച് പ്രസ്തുത മേഖലയിലുള്ള അഴിമതി അവസാനിപ്പിയ്ക്കുവാൻ നടപടി സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

പഴക്കം ചെന്ന പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് പദ്ധതി

5928 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പഴക്കം ചെന്ന പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പാലക്കാട് പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസ് നവീകരിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസുകളിൽ മുറിവാടക കാലോചിതമായി വർദ്ധിപ്പിക്കുവാൻ നടപടി

5929 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസുകളിൽ മുറിവാടക കാലോചിതമായി വർദ്ധിപ്പിക്കുന്നതിനു പകരം നിലവിൽ എ.സി. മുറിയ്ക്ക് 200 രൂപ ദിവസവാടകയുണ്ടായിരുന്നത് 800 രൂപയായി വർദ്ധിപ്പിച്ചതിനും നോൺ എ.സി മുറിക്ക് 150 രൂപ ദിവസവാടകയുണ്ടായിരുന്നത് 600 രൂപയാക്കി വർദ്ധിപ്പിച്ചതിനും എതിരെ ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരാതിയിൽപ്പറയുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പി.ഡബ്ല്യൂ.ഡി ഉണ്ടായകാലം മുതൽ റസ്റ്റ് ഹൗസുകളിലെ മുറിവാടക വർദ്ധനവ് കാലാകാലങ്ങളിൽ നിലവിലുള്ളതിന്റെ 50% തുക വർദ്ധിപ്പിച്ചു പുതുക്കി നിശ്ചയിച്ചുപോരുന്ന രീതിയാണ് അനുവർത്തിച്ചുപോന്നിട്ടുള്ളത് എന്ന് ചൂണ്ടിക്കാട്ടി ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>ആലപ്പുഴയിലെ പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസും സ്ഥലവും കെ.റ്റി.ഡി.സി യ്ക്ക് കൈമാറൽ</u>

5930 ശ്രീ. സി.കെ.സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസും സ്ഥലവും കെ.റ്റി.ഡി.സി യ്ക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റെസ്റ്റ് ഹൗസിന് അനുബന്ധമായി എത്ര ഏക്കർ സ്ഥലവും, കെട്ടിടങ്ങളുമുണ്ട് ; എന്തെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; വിശദമാക്കുമോ ;

(സി) പൗരാണികമായ ഈ റെസ്റ്റ് ഹൗസ് ഒഴിവാക്കി ത്രീസ്റ്റാർ ഹോട്ടൽ പണിയണമെന്ന നിർദ്ദേശം ആരുടേതാണ് ; ഇതിനെതിരായി ആരെങ്കിലും രംഗത്തു വന്നിട്ടുണ്ടോ ;

(ഡി) ആലപ്പുഴ കടൽത്തീരത്തും സമീപ പ്രദേശത്തും കെ.റ്റി.ഡി.സി യ്ക്ക് ഹോട്ടൽ സമുച്ചയം പണിയുന്നതിനായി ധാരാളം സാധ്യതകൾ നിലവിലുള്ളപ്പോൾ എന്തുകൊണ്ടാണ് റെസ്റ്റ് ഹൗസ് സ്ഥിതിചെയ്യുന്ന സ്ഥലം തന്നെ വേണമെന്ന് തീരുമാനിച്ചത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>തിരുവല്ല റെസ്റ്റ് ഹൗസിലെ ശിലാഫലകം</u>

5931 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവല്ല റെസ്റ്റ് ഹൗസിനോടുകൂടി പണിതിരിക്കുന്ന മിനി കോണ്‍ഫറന്‍സ് ഹാളിന്റെ ഉദ്ഘാടനവുമായിബന്ധപ്പെട്ട് പ്രവേശന കവാടത്തിന്റെ ഇടതു വശത്തുള്ള ശിലാഫലകം മാറ്റിയത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പുതുതായി വച്ച ഫലകത്തില്‍ ആരുടെയൊക്കെ പേരുകള്‍ കൂട്ടിച്ചേര്‍ത്തിട്ടുണ്ട്;

(സി) ഇവരൊക്കെ ഈ ചടങ്ങില്‍ പങ്കെടുത്തിട്ടുണ്ടോ;

(ഡി) സംസ്ഥാന സര്‍ക്കാരിന്റെ പരിപാടികളില്‍ എം.പി.മാരേക്കാള്‍ പരിഗണന എം.എല്‍.എ.മാര്‍ക്ക് നല്‍കണം എന്ന ഉത്തരവ് ഇക്കാര്യത്തില്‍ പാലിക്കപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>പുളിങ്കുന്ന് ജംഗര്‍ സര്‍വ്വീസ്</u>

5932

ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുളിങ്കുന്ന് ജംഗര്‍ സര്‍വ്വീസ് തടസ്സപ്പെട്ടത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ജംഗര്‍ സര്‍വ്വീസ് റീടെണ്ടര്‍ ചെയ്യുന്നതിന് നടപടികള്‍ സ്വീകരിക്കുമോ;

(സി) പുതുക്കിയ നിരക്കുകള്‍ ടെണ്ടര്‍ കാലാവധി കഴിഞ്ഞതിനാല്‍ നിലവില്‍ സര്‍വ്വീസ് നടത്തുന്നവര്‍ക്ക് അനുവദിക്കുമോ;

(ഡി) ജംഗര്‍ സര്‍വ്വീസ് തടസ്സമില്ലാതെ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>എളവൂർ റെയിൽവേ മേൽപ്പാലം</u>

5933 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ എളവൂർ മേൽപാലത്തിന്റെ നിർമ്മാണത്തിനായുള്ള അടങ്കൽ തുക എത്രയാണ് ; ഇതിൽ സംസ്ഥാനത്തിന്റെ വിഹിതം എത്രയെന്നും റെയിൽവേ/ കേന്ദ്രവിഹിതം എത്രയെന്നും അറിയിക്കുമോ ;

(ബി) സംസ്ഥാന സർക്കാർ അനുവദിച്ച തുകയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലെ കാലതാമസം വിശദമാക്കുമോ ; ഇത് എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(സി) റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസം വിശദമാക്കാമോ ; നിർമ്മാണ പ്രവർത്തനത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

കുണ്ടമൺ പാലവുമായി ബന്ധപ്പെട്ട ഫയൽ ബി.റ്റി.ഇ.യുടെ ഓഫീസിൽ കൈപ്പറ്റിയിട്ടും നടപടികൾ സ്വീകരിക്കാത്തത്

5934 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചീഫ് ടെക്നിക്കൽ എക്സാമിനർ തസ്തികയിലേക്ക് പരിഗണിക്കുന്ന ഉദ്യോഗസ്ഥരുടെ യോഗ്യതയും, തെരഞ്ഞെടുക്കുന്നതിലേക്കുള്ള മാനദണ്ഡങ്ങളും വിശദമാക്കുമോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള അധികാരങ്ങളും അവകാശങ്ങളും എന്തൊക്കെയാണ് അറിയിക്കുമോ ;

(സി) പ്രസ്തുത തസ്തികയിൽ ഏതെങ്കിലും ഉദ്യോഗസ്ഥനെ സ്ഥിരമായി നിയമിച്ചിട്ടുണ്ടോ ; എങ്കിൽ ആരാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ തസ്തിക ഒഴിവായികിടന്നിട്ട് എത്ര മാസമായി ; സി.റ്റി.ഇ.യെ നിയമിക്കുന്നതിലേക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെ എന്ന് നിയമിക്കുമെന്ന് അറിയിക്കുമോ ; വിശദാംശം വെളിവാക്കുമോ ;

(എഫ്) പ്രസ്തുത ഉദ്യോഗസ്ഥന്റെ ഓഫീസിൽ തീർപ്പു കൽപ്പിക്കുവാനുള്ള എത്ര ഫയലുകളാണ് നിലവിലുളളത് ; ഇതിൽ ഒരു വർഷക്കാലാവധി കഴിഞ്ഞവ എത്ര ; വിശദമാക്കുമോ;

(ജി) കൊല്ലം - ആയൂർ റോഡിൽ നിർമ്മിച്ചിട്ടുള്ള കുണ്ടമൺ പാലവുമായി ബന്ധപ്പെട്ട ഫയൽ സി.റ്റി.ഇ.യുടെ ഓഫീസിൽ കൈപ്പറ്റിയിട്ട് എത്ര വർഷമായി അറിയിക്കുമോ ;

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

(എച്ച്) ഇതിൻമേൽ എന്ത് നടപടിയാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഐ) സംസ്ഥാനത്തെ രണ്ട് ജില്ലകളിലെ ജനങ്ങൾക്കും ഒരുപോലെ പ്രയോജനം ലഭിക്കേണ്ടുന്ന പദ്ധതികളുടെ ഫയലുകൾ ഈ ആഫീസിൽ തീരുമാനമാകാതെ മാസങ്ങളോളം സൂക്ഷിക്കുന്നത് അന്വേഷണ വിധേയമാക്കുമോ ;

(ജെ) 500ൽപ്പരം കോടി രൂപാ മുടക്കി കമ്മീഷൻ ചെയ്ത കെ.ഐ.പി.യുമായി ബന്ധപ്പെട്ട 75828/ഐ.എൻ.ഡി/പി.ഡബ്ല്യൂ./ബി2/ഡബ്ല്യൂ.ആർ.ഡി./11 ഫയൽ ഈ ഓഫീസിൽ എന്നാണ് കൈപ്പറ്റിയിട്ടുള്ളത്; എന്ത് തീരുമാനമാണ് ഇതിൻമേലുണ്ടായത് ; വിശദാംശം അറിയിക്കുമോ ;

(കെ) പ്രസ്തുത ഓഫീസിലെ അത്യാവശ്യ ഫയലുകളിലെങ്കിലും തീരുമാനം കൈക്കൊള്ളുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>ആലപ്പുഴ നഗരസഭയിലെ പള്ളാത്തുരുത്തി എയ്ഡ് പോസ്റ്റ് പാലത്തിന്റെ നിർമ്മാണം</u>

5935 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരസഭയിലെ പള്ളാത്തുരുത്തി എയ്ഡ് പോസ്റ്റ് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് പറയുമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനം നടത്താൻ കഴിയാത്തതിനുള്ള കാരണം വിശദമാക്കുമോ;

(സി) പുതുക്കിയ ഭരണാനുമതിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നോ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) ഏതു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പാലത്തിന്റെ നിർമ്മാണത്തിനുള്ള ഫണ്ട് അനുവദിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ പാലത്തിന്റെ നിർമ്മാണത്തിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ തുക കണ്ടെത്തി പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

**കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ കോഴിബസാർ സുൽത്താൻ തോട് പാലം**

5936 ശ്രീ. റ്റി.വി രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കോഴിബസാർ സുൽത്താൻ തോട് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ; പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കാലടി സമാന്തര പാലം</u>

5937 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാലടി സമാന്തര പാലത്തിന് വേണ്ടി ഭരണാനുമതി നല്‍കിയിട്ടുണ്ടോ ;

(ബി) ഇതിന്റെ അടങ്കല്‍ തുക എത്രയാണ് ;

(സി) ദിശ നിര്‍ണ്ണയം നടത്തിയിട്ടുണ്ടോ ; എടുത്ത നടപടി വിശദമാക്കാമോ ;

(ഡി) അപ്രോച്ച് റോഡുകള്‍ക്ക് എത്ര സ്ഥലം ഏറ്റെടുക്കേണ്ടി വരുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

കൂട്ടുംവാതുക്കൽ കടവ് പാലത്തിന്റെ നിർമ്മാണം

5938 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി നിയോജക മണ്ഡലത്തിലെ കൂട്ടുംവാതുക്കൽ കടവ് പാലത്തിന്റെ നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

വയനാട് ജില്ലയിലെ ബ്രിഡ്ജസ് വിഭാഗത്തിലെ ജീവനക്കാരുടെ വിശദാംശം

5939 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ബ്രിഡ്ജസ് വിഭാഗത്തിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിന്റെ എത്ര സബ് ഡിവിഷനുകളാണ്/സെക്ഷനുകളാണ് ജില്ലയിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ വിഭാഗത്തിലും അനുവദിച്ചിട്ടുള്ള തസ്തികകളും ആയതിൽ നിലവിലുള്ള ജീവനക്കാരും എത്ര; വ്യക്തമാക്കുമോ;

(ഡി) ജീവനക്കാരുടെ കുറവ് ജില്ലയിലെ പാലങ്ങളുടെ പ്രവൃത്തിയെ സാരമായി ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) പ്രസ്തുത വിഭാഗത്തിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

പെരിങ്ങര പാലത്തിന്റെ നിർമ്മാണം

5940 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവല്ല നിയോജക മണ്ഡലത്തിലെ തിരുവല്ല മുനിസിപ്പാലിറ്റിയേയും പെരിങ്ങര പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന പെരിങ്ങര പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് എന്ന് ഉദ്ഘാടനം നടത്തുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>മുല്ലക്കൊടി നണിശ്ശേരിക്കടവിന് പാലം</u>

5941

ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലക്കൊടി-നണിശ്ശേരിക്കടവിന് പാലം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിലേയ്ക്കായി ലഭിച്ച നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) പ്രസ്തുത പാലം പണിയുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>നെടുമ്പ്രം പഞ്ചായത്തിലെ ഓട്ടാഫീസ് കടവ് പാലത്തിന്റെ നിർമ്മാണം</u>

5942 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവല്ല നിയോജകമണ്ഡലത്തിലെ നെടുമ്പ്രം പഞ്ചായത്തിലെ ഓട്ടാഫീസ് കടവ് പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് എന്ന് ഗതാഗതത്തിന് തുറന്നുകൊടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

പേരാവൂര്‍ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിര്‍മ്മാണം

5943

ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പേരാവൂര്‍ നിയോജക മണ്ഡലത്തിലെ മരുച്ചേരി, തൊണ്ടിയില്‍, ഓടന്‍തോട്, അരയങ്ങാട്, കച്ചേരിക്കടവ് എന്നീ സ്ഥലങ്ങളിലെ പാലങ്ങളുടെ നിര്‍മ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) മേല്‍പ്പറഞ്ഞ പാലങ്ങളുടെ നിര്‍മ്മാണത്തിന് സമയബന്ധിതമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>റോഡ് വികസനവുമായി ബന്ധപ്പെട്ടുള്ള</u>
<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

5944 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഭരണമേറ്റശേഷം റോഡ് വികസനവുമായി ബന്ധപ്പെട്ട് പുതിയതായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) നിലവിൽ കേരളത്തിലെ റോഡ് വികസനവുമായി ബന്ധപ്പെട്ടുള്ളതായ കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

റോഡ് സംബന്ധിച്ച പരാതികൾ കേൾക്കുന്ന ടോൾ ഫ്രീ നമ്പർ

5945 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡു സംബന്ധിച്ച പരാതികൾ കേൾക്കുന്നതിന് ഏർപ്പെടുത്തിയ 1800-425-7771 എന്ന ടോൾ ഫ്രീ നമ്പർ സംവിധാനം നിലവിൽ വന്നതിന് ശേഷം ഇതേവരെ ലഭിച്ച പരാതികൾ എത്ര ;

(ബി) ഇപ്രകാരം ലഭിച്ച പരാതികളിൽ ഇപ്പോഴും പരിഹാരം കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തവ എത്രയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കര്‍ണ്ണാടക ഭാഗത്തേക്ക് റോഡ് നിര്‍മ്മാണത്തിന് അനുമതി</u>

5946 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത്** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഏഴിമല നേവല്‍ അക്കാദമിയില്‍ നിന്നും വെള്ളൂര്‍-പാടിയോട്ടുചാല്‍-പുളിങ്ങോം റോഡ് വഴി കേരളത്തില്‍ നിന്നും കര്‍ണ്ണാടകയിലേക്ക് ചുരുങ്ങിയ ദൂരത്തില്‍ എത്തുന്നതിനായി കേരള അതിര്‍ത്തിയായ മുണ്ടകോട്ട് പാലം വരെ റോഡ് നിര്‍മ്മിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ വര്‍ഷങ്ങള്‍ കഴിഞ്ഞിട്ടും കര്‍ണാടക ഭാഗത്തേക്ക് റോഡ് നിര്‍മ്മിക്കുവാന്‍ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>നാഷണൽ ഹൈവേ 17 - ന്റെ വികസനം</u>

5947

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ വികസനത്തിന്റെ ഭാഗമായി കാസർഗോഡ് നഗരപ്രദേശമുൾപ്പെടെ കാസർഗോഡ് നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന സ്ഥലങ്ങളിൽ നാഷണൽ ഹൈവേ 17 ന്റെ വശങ്ങൾ അധികൃതർ അളന്നു മാർക്കു ചെയ്തിട്ടുണ്ടോ;

(ബി) കൈവശമുള്ള ഭൂമിയിൽ വർഷങ്ങളായി വീടുവെച്ച് താമസിക്കുന്നവരുടെ ഭൂമി ഏറ്റെടുക്കുന്നതോടെ വഴിയാധാരമാകുന്ന ദയനീയ സാഹചര്യവും ക്ഷേത്രങ്ങളും, പള്ളികളും ഉൾപ്പെടെ ആരാധനാലയങ്ങൾ പൊളിച്ചുമാറ്റപ്പെടേണ്ട സാഹചര്യവും ഒഴിവാക്കുവാൻ ബദൽ പരിഹാരമാർഗ്ഗങ്ങൾ ആലോചിക്കുമോ;

(സി) നഷ്ടപ്പെടുന്ന ഭൂമിക്ക് മതിയായ നഷ്ടപരിഹാരം ഉടമകൾക്ക് ലഭ്യമാകുമെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

കൊല്ലം എൻ. .എച്ച്. ബൈപ്പാസിന്റെ നിർമ്മാണത്തിന് നൽകിയ പുതിയ പ്രൊപ്പോസലൽ

5948 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം എൻ.എച്ച്. ബൈപ്പാസിന്റെ നിർമ്മാണത്തിന് നൽകിയ പുതിയ പ്രൊപ്പോസലിന് കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന്റെ അന്തിമാനുമതി ലഭിച്ചോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന്റെ ഉദ്യോഗസ്ഥർ റോഡ് സന്ദർശിച്ചിട്ട് എന്ത് തീരുമാനമാണ് സ്വീകരിച്ചതെന്നറിയിക്കാമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

കക്കടാശ്ശേരി- ചേലച്ചുവട് സംസ്ഥാന ഹൈവേ

5949

ശ്രീമതി ഇ. എസ്. ബിജി മോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മധുര ദേശീയ പാതയുടെ ഭാഗമായ മൂവാറ്റുപുഴ കക്കടാശ്ശേരിയിൽ നിന്ന് കോതമംഗലം-ഇടുക്കി റോഡിലെ ചേലച്ചുവടിലെത്തുന്ന 50 കി. മീറ്റർ ദൈർഘ്യമുളള കക്കടാശ്ശേരി- ചേലച്ചുവട് സംസ്ഥാന ഹൈവേ യഥാർത്ഥ്യമാകുമ്പോൾ മൂവാറ്റുപുഴയിൽ നിന്ന് ഇടുക്കിയിലെത്താൻ 15 കി. മീറ്റർ ദൂരം കുറയുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർദ്ദിഷ്ട റോഡിന്റെ നിർമ്മാണ പ്രവർത്തനം എന്ന് തുടങ്ങുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>വൈപ്പിന്‍ പള്ളിപ്പുറം തീരദേശ നാലുവരിപ്പാത</u>

T 5950

ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിര്‍ദ്ദിഷ്ട വൈപ്പിന്‍ പള്ളിപ്പുറം തീരദേശ നാലുവരിപ്പാത നിര്‍മ്മിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങള്‍ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് പരിസ്ഥിതി ക്ലിയറന്‍സ് ലഭിക്കുന്നതിന് കേന്ദ്ര സര്‍ക്കാരിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കില്‍ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്ന് ആരംഭിച്ച് എന്ന് പൂര്‍ത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കെ.എസ്.റ്റി.പി യുടെ രണ്ടാം ഘട്ട റോഡ് നിർമ്മാണം</u>

5951 ശ്രീ. ബെന്നി ബെഹനാൻ
,, എ.റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, റ്റി.എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി.യുടെ രണ്ടാം ഘട്ട റോഡ് നിർമ്മാണം തുടങ്ങുവാൻ തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രവൃത്തികൾ എന്നു മുതൽ ആരംഭിക്കുവാനാണ് ധാരണയായത്;

(സി) ഇത് സംബന്ധിച്ച് ലോക ബാങ്ക് സംഘവുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എത്ര തുക റോഡ് നിർമ്മാണത്തിനായി നൽകാമെന്നാണ് സംഘം സമ്മതിച്ചിട്ടുള്ളത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കെ.എസ്.റ്റി.പി 2-ാം ഘട്ടത്തിൽ ഒറ്റപ്പാലം മണ്ഡലത്തിലെ പ്രവൃത്തികൾ</u>

5952 ശ്രീ. എം.ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി- 2-ാം ഘട്ടത്തിൽ ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ ഉൾപ്പെടുത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കെ.എസ്.റ്റി.പി രണ്ടാംഘട്ട പ്രവൃത്തികൾ ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) എത്ര തുകയാണ് കെ.എസ്.റ്റി.പി 2-ാം ഘട്ടത്തിൽ വകയിരുത്തുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) 2012-13 വർഷത്തെ എത്ര തുക കെ.എസ്.റ്റി.പി 2-ാം ഘട്ടത്തിനായി വകയിരുത്തിയിട്ടുണ്ട്; പ്രസ്തുത തുക ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>നെടുമുടി-കുപ്പപ്പുറം റോഡ് പൂർത്തീകരണം</u>

5953

ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ആർ. ഐ. ഡി. എഫ് -16 ൽ ഉൾപ്പെട്ട നെടുമുടി-കുപ്പപ്പുറം റോഡ് പൂർത്തീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) റീ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണം എന്ന് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>അടൂർ നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി റോഡ്സ് പ്രവർത്തനങ്ങൾ</u>

5954 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി റോഡ്സ് വിഭാഗം നിലവിൽ നടത്തി വരുന്ന റോഡ് നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികളുടെ പട്ടിക ലഭ്യമാക്കുമോ;

(ബി) ആയവയുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിവരം വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>മംഗലം - ഗോവിന്ദാപുരം റോഡ്</u>

5955 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 1000 കി.മീ റോഡുകൾ ഉന്നത നിലവാരത്തിലാക്കുന്നതിൽ മംഗലം - ഗോവിന്ദാപുരം റോഡിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രവൃത്തി എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) നിലവാരമുയർത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

ചാലക്കുടി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകൾ

5956 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ചാലക്കുടി മണ്ഡലത്തിൽ വകുപ്പ് ഏറ്റെടുത്തിട്ടുള്ള പുതിയ റോഡുകളുടെ വിവരങ്ങൾ അറിയിക്കുമോ ;

(ബി) മണ്ഡലത്തിലെ കൂടുതൽ റോഡുകൾ വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ റോഡുകളുടെ നവീകരണം</u>

5957 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർകോട് ജില്ലയിൽ വിവിധ ഇനം റോഡ് പദ്ധതികൾക്കായി എത്ര രൂപ അനുവദിച്ചു; മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) കാഞ്ഞങ്ങാട് മണ്ഡലത്തിലെ റോഡുകളുടെ നവീകരണം, വികസനം, അറ്റകുറ്റപ്പണി എന്നിവയ്ക്ക് സ്ഥലം എം.എൽ.എ യിൽ നിന്നും ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിൽ മറ്റാരെങ്കിലും ആവശ്യപ്പെട്ടതനുസരിച്ച് ഏതെങ്കിലും റോഡ് നവീകരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് മണ്ഡലത്തിലെ റോഡ് വികസനത്തിന്റെ ആവശ്യകതയുടെ മുൻഗണനാക്രമമനുസരിച്ചാണോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>കോട്ടയം ഡിവിഷനു കീഴിൽ പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്തിട്ടുള്ള റോഡുകൾ</u>

5958 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര കി.മീ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കോട്ടയം ഡിവിഷനു കീഴിൽ എത്ര കി.മീ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുണ്ടെന്ന് സെക്ഷനുകൾ തിരിച്ച് അറിയിക്കുമോ;

(സി) റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്നതിന് പുലർത്തുന്ന മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൂടുതൽ റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

ഊന്നിൻമൂട് - ചിറക്കര - ഉളിയനാട് - ചാത്തന്നൂർ - നാൽക്കവല - നെടുമൺകാവ് - എഴുകോൺ റോഡ് നവീകരണം

5959

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - കൊല്ലം ജില്ലകളെ ബന്ധിപ്പിക്കുന്നതും ആലപ്പുഴ ജില്ലയുടെ കിഴക്കൻ മേഖലയ്ക്ക് പ്രയോജനം ലഭിക്കുന്നതുമായ ഊന്നിൻമൂട് - ചിറക്കര - ഉളിയനാട് - ചാത്തന്നൂർ - നാൽക്കവല - നെടുമൺകാവ് - എഴുകോൺ റോഡ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിലേക്കായി അപേക്ഷ ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ പ്രസ്തുത റോഡിന്റെ നവീകരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രാഥമിക നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് റോഡ് നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിയ്ക്കുമോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>ചാലക്കുടി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം</u>

5960

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം റോഡുകളാണ് വകുപ്പ് ഒറ്റത്തവണ നന്നാക്കൽ പദ്ധതി വഴി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്; അറിയിക്കാമോ;

(ബി) മണ്ഡലത്തിലെ കൂടുതൽ പഞ്ചായത്ത് റോഡുകൾ ഈ പദ്ധതി വഴി ഗതാഗതയോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ, റിംഗ് റോഡ് പദ്ധതിയിൽപ്പെടുത്തിയ റോഡുകൾ

5961

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് റോഡുവിഭാഗം നടപ്പിലാക്കുന്ന റിംഗ് റോഡ് നവീകരണ പദ്ധതിയിൽ റോഡുകൾ തെരഞ്ഞെടുക്കുന്നതിന് സ്വീകരിയ്ക്കുന്ന മാനദണ്ഡം വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾ നടന്നുവരുന്നു; ഭരണാനുമതി ലഭിക്കാനായി പുതിയതായി ഏതെല്ലാം പ്രൊപ്പോസലുകൾ വന്നിട്ടുണ്ട്;

(സി) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ഏതെങ്കിലും റോഡ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ, റിംഗ് റോഡ് പദ്ധതിയിൽപ്പെടുത്തി റോഡുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

മങ്ങാട്ടുപുലം ആശാരിക്കടവ്, നൂറടിപ്പാലങ്ങളുടെ അപ്രോച്ച് റോഡ്

5962 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ മങ്ങാട്ടുപുലം ആശാരിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ;

(ബി) സ്ഥലമെടുപ്പ് എത്രയും വേഗം പൂർത്തിയാക്കി ഉടമസ്ഥർക്ക് നഷ്ടപരിഹാര തുക വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) നൂറടിപ്പാലം അപ്രോച്ച് റോഡ് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് സ്ഥലം ഉടമകൾക്കുള്ള നഷ്ടപരിഹാര തുക വിതരണം പൂർത്തിയായോ ;

(ഡി) ആയതിന്മേൽ ഇനി എന്തു തുക വിതരണം ചെയ്യാനുണ്ടെന്നും എന്നത്തേയ്ക്ക് പ്രസ്തുത തുക കൊടുത്തു തീർക്കുവാൻ സാധിക്കുമെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>വൈറ്റില മൊബിലിറ്റി ഹബ്ബിൽ നിന്നും കാക്കനാട് വഴിയുള്ള റിംഗ് റോഡ്</u>

5963 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈറ്റില മൊബിലിറ്റി ഹബ്ബിൽ നിന്നും കാക്കനാട് വഴി ഒരു പുതിയ റിംഗ് റോഡ് നിർമ്മിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>റോഡ് ഫണ്ട് ബോർഡ് സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ലൈറ്റുകൾ</u>

5964

ശ്രീ. വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് ഫണ്ട് ബോർഡ് സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ലൈറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) പുതുതായി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് മുൻപ് പോലീസ്, ഗതാഗത വകുപ്പ്, പൊതുജനങ്ങൾ എന്നിവരുടെ അഭിപ്രായം ആരായുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>റോഡുകൾക്ക് കുറുകെ പരസ്യകമാനങ്ങൾ</u>

5965 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകൾക്ക് കുറുകെ പരസ്യകമാനങ്ങൾ സ്ഥാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് പരസ്യകമാനങ്ങൾ റോഡിന് കുറുകെ സ്ഥാപിച്ചത്; വിശദമാക്കുമോ;

(സി) വളരെയധികം തിരക്കുള്ള നഗരത്തിൽ ഇങ്ങിനെ സ്ഥാപിച്ച പ്രസ്തുത പരസ്യകമാനങ്ങൾ അപകടങ്ങൾക്കും ഡ്രൈവർമാരുടെ ശ്രദ്ധ തിരിക്കത്തക്കവിധത്തിലുമാണോ സ്ഥാപിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പുതുക്കിയ പി.ഡബ്ലിയൂ.ഡി. മാനുവൽ പ്രകാരം ഇത്തരം പരസ്യകമാനങ്ങൾക്കെതിരെ ആരാണ് നടപടികൾ സ്വീകരിക്കേണ്ടത്; വിശദമാക്കുമോ:

(ഇ) ഇവ ശ്രദ്ധയിൽപ്പെട്ടിട്ടും എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തത്; വിശദമാക്കുമോ;

(എഫ്) ഇവ നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

ബി.എം. ആന്റ് ബി.സി.യിൽ നിർമ്മിക്കുന്ന റോഡുകളിൽ കല്ലുകളും മരത്തടികളും അലക്ഷ്യമായി ഇടുന്നത്

5966 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോടികൾ ചെലവഴിച്ച് ബി.എം. ആന്റ് ബി.സി. നിർമ്മിക്കുന്ന റോഡുകളിൽ കല്ലുകളും മരത്തടികളും അലക്ഷ്യമായി ഇടുന്നതുമൂലം റോഡുകൾ വേഗത്തിൽ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പ്രവൃത്തികൾക്കെതിരെ പി.ഡബ്ല്യു.ഡി.ക്ക് നടപടി സ്വീകരിക്കുവാൻ അധികാരമുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള അധികാരം നൽകി നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2012 ജൂൺ 30.

പി. കെ. മുരളീധരൻ,
സെക്രട്ടറി – ഇൻ – ചാർജ്

“T” ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.